# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5336** **02.07.2013- ൽ മറുപടിക്ക്**

**ഹാന്റക്സിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.സി.കൃഷ്ണൻ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | ഹാൻടെക്സിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | ഹാൻടെക്സിന്റെ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ വിൽപ്പന നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ അംഗസംഘങ്ങൾക്ക് ആവശ്യമായ നൂൽ മുൻ വർഷത്തേക്കാൾ ശേഖരിച്ച് വിൽപ്പന നടത്തിവരുന്നു.നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഡിപ്പോകൾ നിർത്തലാക്കുകയും ഡിപ്പോകൾ നവീകരിച്ചും ആയത് ലാഭകരമാക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പ്രാഥമിക സംഘങ്ങളിൽ നിന്നുമുള്ള സംഭരണത്തിന് 70% കൂലിയും 30% നൂലുമായി നൽകിവരുകയുമാണ്. |
| (ബി) | ഹാന്റക്സിലെ അഴിമതി സംബന്ധിച്ച് എത്ര അന്വേഷണങ്ങളാണ് നടന്നു കൊണ്ടിരിക്കുന്നതെന്നും അവ ഏത് അവസ്ഥയിലാണെന്നും വ്യക്തമാക്കുമോ; | (ബി) | ഹാൻടെക്സിൽ അഴിമതിയുമായി ബന്ധപ്പെട്ട് ഇപ്പോൾ ഒരു കേസും നിലവിലില്ല. |
| (സി) | ഈ വർഷം സ്കൂൾ യൂണിഫോം തുണികൾ വാങ്ങാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായോ എന്നും എങ്കിൽ ഈ ഇടപാടിന്റെ വിശദാംശങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ; | (സി) | ഈ അദ്ധ്യായന വർഷത്തിൽ സ്കൂൾ യൂണിഫോം വിതരണം ചെയ്യുന്നതിന് പ്രത്യേക ഉത്തരവുകളോ പർച്ചയ്സ് ഓർഡറുകളോ ലഭിച്ചിട്ടില്ല. എന്നാൽ പ്രാദേശികമായി ചില സ്കൂളുകളിൽ നിന്നുമുള്ള ഓർഡറുകൾ അനുസരിച്ച് അതാത് ഡിപ്പോകൾ വഴി വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | യൂണിഫോം തുണിത്തരങ്ങൾ വാങ്ങിയതിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നുവെന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പത്രവാർത്തയെ സംബന്ധിച്ചുള്ള നിജസ്ഥിതി അറിയുവാനായി ഭരണസമിതി ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും, അന്വേഷണം നടത്തിവരികയുമാണ്. |
| (ഇ) | എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ; | (ഇ) | അന്വേഷണം നടന്നുവരികയാണ്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (എഫ്) | 80% കോട്ടണും 20% പോളിസ്റ്ററും ചേർന്ന യൂണിഫോം തുണി നൽകണമെന്ന നിർദ്ദേശം ഇപ്രാവശ്യത്തെ യൂണിഫോം തുണി വാങ്ങിയതിൽ പാലിക്കുന്നതിൽ ഹാന്റക്സ് വീഴ്ച വരുത്തിയിട്ടുണ്ടോ; | (എഫ്) | വീഴ്ചവരുത്തിയിട്ടില്ല. |
| (ജി) | ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് ഈ വർഷം യൂണിഫോം തുണിത്തരങ്ങൾ വാങ്ങിയതെന്നും വാങ്ങുന്നതിന് മുമ്പ് തുണിത്തരങ്ങളുടെ ഗുണമേന്മ പരിശോധന നടത്തിയിരുന്നോ എന്നും വിശദമാക്കാമോ? | (ജി) | ഹാൻടെക്സിന്റെ പ്രാഥമിക അംഗസംഘങ്ങളിൽ നിന്നും, സെൻട്രൽ ഗവൺമെന്റ് സ്ഥാപനമായ നാഷണൽ സ്മോൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേനയും, അപ്പക്സ് സഹകരണ സംഘമായ ഹാന്റ്ലൂം ഹൗസ് എന്നിവിടങ്ങളിൽ നിന്നുമാണ് സാധാരണയായി തുണി ശേഖരിച്ചുവരുന്നത്. ടെക്നിക്കൽ ഓഫീസർ പരിശോധന നടത്തിയതിനുശേഷമാണ് പ്രാഥമിക സംഘങ്ങളിൽ നിന്നും തുണികൾ ശേഖരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**